**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല – പുതുശ്ശേരി ഗ്രാമപഞ്ചായത്ത് - സമ്പൂർണ്ണ വൈദ്യുതീകരണം - തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 4040/2017/തസ്വഭവ          തിരുവനന്തപുരം, തീയതി, 14/12/2017

---

പരാമർശം:- പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/11/2016 ലെ എ 2-9845/16 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണവൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ആകെ എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനത്തിൽ ഇരുപത്തിയൊമ്പത് ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി, പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ഡി.പി.സി യുടെ അംഗീകാരത്തോടെ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുവാദം നൽകണമെന്ന് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണവൈദ്യുതീകരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 29,00,000/- (ഇരുപത്തിയൊൻപത് ലക്ഷം രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി/പ്രസിഡന്റ്, പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, കഞ്ചിക്കോട് പി.ഒ, പാലക്കാട് - 686653.
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, പാലക്കാട്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ